LIBRARY ARCHIVES Kerala Legislative Assembly

**പറമ്പിക്കുളത്തെ ആദിവാസി കോളനികളിൽ പാർപ്പിട സൗകര്യം ഒരുക്കുന്നത്**

42(787) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ ഏതെല്ലാം ആദിവാസി കോളനികളിലാണ് മതിയായ പാർപ്പിട സൗകര്യമില്ലാത്തതെന്ന് വിശദമാക്കുമോ?

പറമ്പിക്കുളത്തെ കടവ് കോളനിയിൽ മതിയായ പാർപ്പിട സൗകര്യമില്ല.

(ബി) ഇത്തരം കോളനികളിൽ അടിയന്തരമായി പാർപ്പിട സൗകര്യം ഒരുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കടവ് കോളനിയിൽ വനാവകാശ രേഖ പ്രകാരം 1 മുതൽ 3 സെന്റ് സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഭവന നിർമ്മാണത്തിന് മതിയായ സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇരുനിലകളിലായി പാർപ്പിട സമുച്ചയങ്ങൾ നടപ്പിലാക്കുന്നതിന് സർവ്വേ സ്കെച്ച് തയ്യാറാക്കി, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

43(788) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്?

പ്രസ്തുത നിയോജകമണ്ഡലത്തിൽ മാടക്കാംപൊയിൽ കോളനി, കാരന്താട് കോളനി, കുക്കാനം കോളനി എന്നീ കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

(ബി) പ്രസ്തുത കോളനികളിലെ ഓരോന്നിന്റെയും നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

1. മാടക്കാംപൊയിൽ കോളനിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചു.
2. കാരന്താട് കോളനിയിൽ ഒരു റോഡിന്റെ ടാറിംഗും തെരുവുവിളക്കും ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.
3. കുക്കാനം കോളനി - പ്രവൃത്തിയുടെ എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.